**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2025** **10.10.2011ൽ മറുപടിക്ക്**

**കുറ്റ്യാടി താലൂക്ക് ആശുപത്രി പുതിയ ബ്ളോക്ക്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി കെ. കെ. ലതിക** | **ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)** |
| എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പുതിയ ബ്ളോക്ക് നിർമ്മിക്കുന്നതിന് പ്ളാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ടോ ; | (എ)യും (ബി)യും<br>2011-12 വർഷത്തെ പദ്ധതി ബഡ്ജറ്റിൽ നബാർഡ് സഹായത്തോടെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 22 ആരോഗ്യസ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്കായി 20 കോടി രൂപ വകയിരുത്തിയതിൽ കുറ്റ്യാടി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശവും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപ്പ് വർഷത്തെ പൊതുമരാമത്ത് ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കുള്ള പ്രത്യേക രൂപരേഖ തയ്യാറാക്കിയിട്ടില്ല. എന്നാൽ, 2009-10 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പ്രവൃത്തിക്ക് 350 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. |
| ബി) പ്രസ്തുത ബ്ളോക്ക് നിർമ്മിക്കുന്നതിന് എന്തെങ്കിലും രൂപ രേഖകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ടോ ? | |

സെക്ഷൻ ഓഫീസർ